# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 390

## 26.04.2017 ലെ മറുപടിക്ക്

**<u>കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി</u>**

| ചോദ്യം<br>ശ്രീ.റോജി.എം.ജോൺ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ എത്ര കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; | 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയ്ക്കായി 705 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ 141 എം.എൽ.എ. മാരിൽ നിന്നും 2102 പ്രവൃത്തികൾക്കുള്ള ശുപാർശകൾ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. സർക്കുലർ നം. 19/2017/ധന. തീയതി 29.03.2017 പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള സമയപരിധി 31.05.2017 ആയി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൻ കീഴിലെ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിൽ (www.ads.kerala.gov.in) ലഭ്യമായ വിവരം അനുസരിച്ച് ആസ്തി വികസന പദ്ധതി 2016-17 ന് കീഴിൽ ഇതിനോടകം 292.79 കോടി രൂപ ആകെ അടങ്കലിൽ 863 പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള കണക്ക് പോർട്ടലിൽ ലഭ്യമാണ്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ധനാനുമതി നൽകിയ 80 ശതമാനത്തോളം പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നം. 67/2015/ധന തീയതി 22.07.2015 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽ തന്നെ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ താമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കണക്ക് വ്യക്തമാക്കുമോ; | |
| (സി) | 2017 മാർച്ച് 31-ന് ചെലവഴിക്കപ്പെടാത്ത തുക അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | |
| (ഡി) | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എം.എൽ.എ.മാർ ഉദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നു വ്യക്തമാക്കാമോ? | |

Slather

**സെക്ഷൻ ഓഫീസർ**